# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പഴയന്നൂര് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ (പി.12)-535/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 26/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയന്നൂര് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പഴയന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരി പത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3. കാര്യാലയപ്പകർപ്പ്

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ (പി.12)-535/2023 തീയ്യതി: 26/04/2023

## തൃശ്ശൂർ ജില്ലയിലെ പഴയന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പഴയന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-04-2022 മുതൽ 08-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുധാ ദാസ് | ജോയിന്റ് ഡയറക്ടർ | 10-04-2023 | 13-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-04-2023 | 13-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബേബി പി വി,ഓഡിറ്റ് ഓഫീസർ
ശ്രീ. പി ജി സദാനന്ദൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുധ ഇ എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ പി ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സിജോ തോമസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ എം മുഹമ്മദ് അഷറഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഗണേശ് എ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ഉമ ടി എൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി സൌമ്യ എം പി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീബ ജോർജ് | കൃഷി അസി.ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഹണിമോൾ ജെ കട്ടക്കയം | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 29-01-2022 |
| ശ്രീ വാസുദേവൻ സി എൻ | പട്ടികജാതി വികസന ഓഫീസർ | 30-01-2022 | 20-02-2022 |
| ശ്രീമതി സന്ധ്യ ടി എം | പട്ടികജാതി വികസന ഓഫീസർ | 21-02-2022 | 13-03-2022 |
| ശ്രീമതി ടി കെ അനിതകുമാരി | പട്ടികജാതി വികസന ഓഫീസർ | 14-03-2022 | 31-03-2022 |
| ശ്രീമതി നസൈബ പി എം | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ അനൂപ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സരസ്വതി കെ | സി ഡി പി ഒ | 01-04-2021 | 26-10-2021 |
| ശ്രീമതി ശ്രീജ പി എം | സി ഡി പി ഒ | 27-10-2021 | 11-11-2021 |
| ശ്രീമതി മിനി പി കെ | സി ഡി പി ഒ | 12-11-2021 | 31-03-2022 |
| ഡോ.ഷീബ കെ ജെ | സൂപ്രണ്ട്, സി എച്ച് സി. തിരുവില്വാമല | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | കാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണ സംവിധാനം. | 1-7 |
| 8 | വാർഷിക കണക്ക് പരിശോധന | 1-8 |
| 9 | വരവ് രജിസ്റ്ററുകൾ വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-1 |
| 10 | ഡെപ്പോസിറ്റ് രജിസ്റ്റർ , ഗവ.ഡ്യൂസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല | 1-8-2 |
| 11 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-3 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-8-4 |
| 13 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - ശീർഷകത്തിലെ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല | 1-8-5 |
| 14 | നിർവ്വഹണ ഏജൻസിയ്ക്ക് പ്രവർത്തികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ, മുൻകൂർ ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിനു പകരം തുക ചെലവായി രേഖപ്പെടുത്തി | 1-8-6 |
| 15 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും - അധിക ആനുകൂല്യം അനുവദിച്ചു | 1-9 |
| 16 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - തുക കൈപ്പറ്റി നാളുകളേറെയായിട്ടും പണി പൂർത്തീകരിച്ചിട്ടില്ല | 1-10 |
| 17 | മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കി | 1-11 |
| 18 | പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-12 |
| 19 | വാഹനം വാടകയ്ക്ക് എടുക്കൽ - അപാകതകൾ | 1-13 |
| 20 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-14 |
| 21 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല | 1-15 |
| 22 | ജലസേചന പ്രോജക്ട് പ്രവർത്തനക്ഷമമാക്കിയില്ല | 1-16 |
| 23 | ഭിന്നശേഷി സ്കോളർഷിപ്പും ബത്തയും പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-17 |
| 24 | കുടിവെള്ള പദ്ധതി പൂർത്തീകരണം - അപാകതകൾ. | 1-18 |
| 25 | ധന വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. | 1-19 |
| 26 | CFLTC പോർട്ടബിൾ ടോയ് ലറ്റ് സമുച്ചയം സ്ഥാപിക്കൽ - പൂർത്തികരണ വിവരം, | 1-20 |

| | | |
|---|---|---|
| | മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല. | |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും,ബത്തയും - അധിക ആനുകൂല്യം അനുവദിച്ചു | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 19.02.2021, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 7,70,42,000 | 8,69,78,882 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 10.03.2022, തീരുമാനം (5) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 12,34,91,502 | 13,56,32,228 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 19-5-22 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,34,14,482 |
| വരവ് | 8,73,29,255 |
| ആകെ | 11,07,43,737 |
| ചെലവ് | 8,70,88,571 |
| നീക്കിയിരിപ്പ് | 2,36,55,166 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 2,53,48,000 | 2,53,48,000 | 2,43,58,769 | 9,89,231 |
| വികസന ഫണ്ട് – എസ് സി പി (ACR പ്രകാരം) | 0 | 2,42,49,000 | 2,42,49,000 | 2,36,19,185 | 6,29,815 |
| വികസനഫണ്ട് ടി എസ് പി (ACR പ്രകാരം) | 0 | 3,60,000 | 3,60,000 | 3,59,854 | 146 |
| മെയിന്റനൻസ് ഫണ്ട് നോൺ - റോഡ്(ACR പ്രകാരം) | 0 | 94,23,575 | 94,23,575 | 81,39,917 | 12,83,658 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) (ACR പ്രകാരം) | 0 | 58,45,863 | 58,45,863 | 52,25,495 | 6,20,368 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 80,26,594 | 80,26,594 | 35,15,021 | 45,11,573 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് (ടൈഡ്) (ACR പ്രകാരം) | | | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 121 | 12,37,14,611 | 95 | 7,36,28,273 | 59.51% | 78.51% |

## 1-6 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.04.2023 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം.

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണ്.എന്നിരുന്നാലും ജി.പി.ജി.വൗച്ചറുകളോടൊപ്പം പേമെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ എല്ലാം തന്നെ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. (ഉദാ. ഹാൾ വാടക രജിസ്റ്റർ, റെന്റ് രജിസ്റ്റർ) പദ്ധതി നിർവ്വഹണ പൂർത്തീകരണ ഘട്ടങ്ങളിൽ മോണിട്ടറിംഗ് കമ്മിറ്റികളുടെ ഇടപ്പെടലുകൾ കാണുന്നില്ല. വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പൂർത്തീകരണം ഓഡിറ്റ് കാലയളവിലും നടന്നിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ മറ്റു പോരായ്മകൾ ഈ റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ ചേർത്തിട്ടുണ്ട്.

## 1-8 വാർഷിക കണക്ക് പരിശോധന

വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു. അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി : 12/13.04.2023)

### 1-8-1 വരവ് രജിസ്റ്ററുകൾ വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി). വാടക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും, വാടകയ്ക്ക് നൽകുന്ന മുറികളെ സംബന്ധിച്ച് ചുരുക്കവിവരം തയ്യാറാക്കി വർഷാവസാനം സാക്ഷ്യപ്പെടുത്താത്തതിനാൽ വാടക സംബന്ധിച്ച വരവിന്റെ ആധികാരികത പരിശോധിക്കാനായില്ല.

### 1-8-2 ഡെപ്പോസിറ്റ് രജിസ്റ്റർ , ഗവ.ഡ്യൂസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ , ഗവ.ഡ്യൂസ് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7, ബി-9 എന്നിവ പ്രകാരമുള്ള ഇനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

### 1-8-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,40,684/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 20,78,957/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-8-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-8-5 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - ശീർഷകത്തിലെ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല

2021-22 ൽ പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(എ) പ്രകാരമുള്ള Capital Work In Progress എന്ന ശീർഷകത്തിലെ തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.

### 1-8-6 നിർവ്വഹണ ഏജൻസിയ്ക്ക് പ്രവർത്തികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്യപ്പോൾ, മുൻകൂർ ശീർഷകത്തിൽ രേഖപ്പെടുത്തന്നതിന്ന പകരം തുക ചെലവായി രേഖപ്പെടുത്തി

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്ക് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 83/22 ആശാരിക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം- ചേലക്കര ഗ്രാമപഞ്ചായത്ത് | 22100788/ 25.03.22 | 3,54,000 | 230500501 | 460500204-Advance To Implementing Agencies-Deposit With Ground Water Department |
| 2 | 85/22കുളമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം - പാഞ്ഞാൾ ഗ്രാ.പ | 22100785/ 30.03.22 | 3,54,000 | 230500501 | -Do- |
| 3 | 86/22 ആലംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം - പഴയന്നൂർ ഗ്രാ.പ. | 22100784/ 25.0322 | 1,06,000 | 251200801 | -Do- |
| 4 | 90/22 EMSഫ്ലാറ്റ് കുടിവെള്ള പദ്ധതി പൂർത്തീകരണം. വള്ളത്തോൾ നഗർ ഗ്രാ.പ | 22100782/ 25.03.22 | 1,07,000 | 251200801 | -Do- |
| 5 | 87/22 പാറക്കടവ് കുടിവെള്ള പദ്ധതി പൂർത്തീകരണം. പാഞ്ഞാൾ ഗ്രാ.പ | 22100786/ 25.03.22 | 1,08,000 | 230500501 | -Do- |

| | | | | | |
|---|---|---|---|---|---|
| 6 | 79/22 കൈരളി കുടിവെള്ള പദ്ധതി പൂർത്തീകരണം- ചേലക്കര ഗ്രാമപഞ്ചായത്ത് | 22100787/ 25.03.22 | 1,17,000 | 230500501 | -Do- |
| 7 | 91/22 പള്ളിക്കൽ സ്കൂൾ കുടിവെള്ള പദ്ധതി പൂർത്തീകരണം. വള്ളത്തോൾ നഗർ ഗ്രാ.പ | 22100783/ 25.03.22 | 1,01,000 | 250200801 | -Do- |
| 8 | 136/22 കിഴക്കേക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം - പഴയന്നൂർ ഗ്രാ.പ. | 22100936/ 30.03.22 | 3,15,532 | 250200801 | -Do- |

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും - അധിക ആനുകൂല്യം അനുവദിച്ചു

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നമ്പർ:116/22 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും എന്നതിൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചപ്പോൾ 13-ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതി (2018-19 മുതൽ 2021-22 വരെ) തയ്യാറാക്കൽ സബ്സിഡി മാർഗ്ഗരേഖ 14.02.2018-ലെ സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ ഖണ്ഡിക:7.2.5-ലെ നിർദ്ദേശത്തിന് വിരുദ്ധമായി അധികതുക അനുവദിച്ചിരിക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേരു വിവരം | പഠിക്കുന്ന ക്ലാസ്സ് | മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന തുക (₹) | അനുവദിച്ച തുക (₹) | അധിക തുക (₹) | വൗച്ചർ നം. |
|---|---|---|---|---|---|---|
| 1 | ശ്രുതിമോൾ.കെ.വി., D/o.വിജയകുമാർ കാരേക്കാട്ടിൽ വീട്, തോന്നൂർക്കര (പി.ഒ) ചേലക്കര -680586 ബാങ്ക് അക്കൗണ്ട്: 855810110007514 ബാങ്ക് ഓഫ് ഇന്ത്യാ ചേലക്കര | 3-ാം വർഷ ബി.എ. ഹിസ്റ്ററി, ശ്രീ വ്യാസ എൻ.എസ്.എസ്. കോളേജ്, വ്യാസഗിരി, വടക്കാഞ്ചേരി | 20,000 | 30,000 | 10,000 | 22100583/ 10.12.21 |
| 2 | കീർത്തന.സി.എസ്. D/o.ഷാജി, പറക്കുന്നത്ത് വീട്, പുലാക്കോട്, ചേലക്കര -680 586. ബാങ്ക് അക്കൗണ്ട്: 40711101001510 കേരള ഗ്രാമീൺ ബാങ്ക്, പുലാക്കോട്, തൃശ്ശൂർ | FDGT 2-ആം വർഷം, ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ്, വടക്കാഞ്ചേരി | 15,000 | 1,50,000 | 1,35,000 (05.01.2022ന് KL020844690202122M പ്രകാരം ₹50,000 തിരിച്ചടച്ചു ബാക്കി ₹85,000) | 22100585/ 15.12.21 |

| | | |
|---|---|---|
| നിലവിൽ ആകെ അധികം അനുവദിച്ച തുക | 95,000 | |

തുക അധികമനുവദിച്ചതിന്റെ കാരണം അറിയിക്കുന്നതിനും, തുക തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരം പരിശോധനയ്ക്കായി ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ:8/13.04.23-ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. അധിക അനുവദിച്ച തുക ബന്ധപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്, അല്ലാത്ത പക്ഷം തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിതനിധിയിൽ തിരികെ ഒടുക്കേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമനുവദിച്ച ₹95,000 ഓഡിറ്റിൽ നിരാകരിക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ:8/13.04.23)

## 1-10 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - തുക കൈപ്പറ്റി നാളുകളേറെയായിട്ടും പണി പൂർത്തീകരിച്ചിട്ടില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19, 2019-20,2020-21,2021-22 വർഷങ്ങളിൽ നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റി നാളുകളേറെയായിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതും, പൂർത്തീകരണത്തിനായി തുടർ വർഷങ്ങളിൽ സ്പിൽ ഓവർ പദ്ധതികൾ രൂപീകരിച്ചിട്ടില്ലാത്തതുമാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| 2018-19 | | | | | |
|---|---|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേരുവിവരം | വിദ്യാർത്ഥിയുടെ പേരുവിവരം | നാളിതുവരെ കൈപ്പറ്റിയ തുക (₹) | അവസാന ഗഡു കൈപ്പറ്റിയ തിയതി | വിതരണ രജിസ്റ്റർ പേജ് നമ്പർ |
| 1 | അശോകൻ, ചക്കച്ചൂൽക്കാട്, മലേശമംഗലം, തിരുവില്വാമല ഗ്രാമപഞ്ചായത്ത് | അനശ്വര, ജി.വി.എച്ച്.എസ്.എസ്. തിരുവില്വാമല | 50,000 | 22.03.2019 | 51 |
| 2 | സമ്പത്ത്, മേച്ചിറ, പട്ടിപ്പറമ്പ്, തിരുവില്വാമല ഗ്രാമപഞ്ചായത്ത് | നിമിഷ, എസ്.എം.എം.എച്ച്.എസ് പഴമ്പാലക്കോട് | 50,000 | 22.03.2019 | 60 |
| 3 | രമ, മണിയങ്ങാട് കോളനി, കണിയാർക്കോട്, തിരുവില്വാമല ഗ്രാമപഞ്ചായത്ത് | അഞ്ജനകൃഷ്ണ, ജി.വി.എച്ച്.എസ്.എസ്. തിരുവില്വാമല | 50,000 | 22.03.2019 | 62 |
| 4 | ഹരിദാസ്, മേച്ചിറ, പട്ടിപ്പറമ്പ്, തിരുവില്വാമല ഗ്രാമപഞ്ചായത്ത് | ഹരിപ്രിയ, എസ്.എം.എം.എച്ച്.എസ് പഴമ്പാലക്കോട് | 50,000 | രേഖപ്പെടുത്തിയിട്ടില്ല | 71 |
| 5 | ലീല, കണ്ണംകുണ്ട്, ലക്ഷംവീട്, പാമ്പാടി ഈസ്റ്റ് തിരുവില്വാമല ഗ്രാമപഞ്ചായത്ത് | ശരണ്യ.കെ.ആർ. ജി.എച്ച്.എസ്.എസ്. പാമ്പാടി | 1,50,000 | 27.09.2019 | 76 |
| 6 | സുകുമാരി, മടപ്പുള്ളി പടി, തിരുവില്വാമല ഗ്രാമപഞ്ചായത്ത് | ഗോപിക, ജി.വി.എച്ച്.എസ്.എസ്. തിരുവില്വാമല | 1,50,000 | 27.02.2020 | 77 |
| 2020-21 | | | | | |
| 7 | രാധാകൃഷ്ണൻ, പുത്തൻമാരി, | അഖില, ജി.വി.എച്ച്.എസ്.എസ്. | 1,25,000 | 29.09.2021 | 16 |

| | | | | | |
|---|---|---|---|---|---|
| | മലേശമംഗലം, | തിരുവില്വാമല | | | |
| 8 | വിജയൻ.ഇ. കതിരാംമ്പാറ, പട്ടിപ്പറമ്പ്, തിരുവില്വാമല ഗ്രാമപഞ്ചായത്ത് | ആര്യ, എസ്.എം.എം.എച്ച്.എസ് പഴമ്പാലക്കോട് | 1,25,000 | 29.09.2021 | 39 |
| 9 | ബേബി, ആലായ്ക്കൽ, നാട്ട്യാൻചിറ, ചേലക്കര ഗ്രാമപഞ്ചായത്ത് | സിൻഷ, എൽ.എഫ്.ജി.എച്ച്.എസ്. ചേലക്കര | 1,25,000 | 25.03.2022 | 45 |
| 10 | സിന്ധു W/o.പീതാംബരൻ, കൊളഞ്ചേരിത്തൊടി | നന്ദന പീതാംബരൻ, എസ്.എം.ടി.ജി.എച്ച്.എസ്.എസ്. ചേലക്കര | 50,000 | 28.03.2021 | 58 |
| 2021-22 | | | | | |
| 11 | വിജയകുമാർ, തേക്കിൻക്കാട് കോളനി, കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | വിദ്യാമോൾ.ടി.വി., സെന്റ് തോമസ് കോളേജ്, തൃശ്ശൂർ | 50,000 | 07.01.2022 | 68 |
| 12 | സവിത, W/o.കമാരൻ, കളത്തിൽ പടി, പാമ്പാടി, തിരുവില്വാമല ഗ്രാമപഞ്ചായത്ത് | സഞ്ജീവ് കമാർ, ജി.വി.എച്ച്. എസ്. ഫോർ ദി ഡെഫ്, ഒറ്റപ്പാലം | 1,25,000 | 25.03.2022 | 75 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ:8/13.04.23ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കി

പ്രോജക്ട് നമ്പർ -25/22 സഞ്ചരിക്കുന്ന വനിതാ ലാബ്,
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,തിരുവില്ല്വാമല
ചെലവ് തുക – 1,67,398/-വികസന ഫണ്ട് (ജനറൽ)
വൗച്ചർ നം. 22100395/12.07.2021, തുക –29,162
വൗച്ചർ നം. 22100396/12.07.2021, തുക –20,657
വൗച്ചർ നം. 22100397/12.07.2021, തുക –12,579
വൗച്ചർ നം. 22100410/12.07.2021, തുക –1,05,000

A) പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) 22/2018/ത.സ്വ.ഭ.വ, തീ.14.02.2018 ഖണ്ഡിക 6.4 പ്രകാരം ചെറുകിട വ്യവസായം എന്ന വിഭാഗത്തിൽ കുടുംബശ്രീ സംവിധാനത്തിലൂടെ വനിതകൾക്ക് ജീവിത ശൈലീ രോഗങ്ങളുടെ പരിശോധനയ്ക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനായുള്ള പ്രോജക്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഈ പ്രോജക്ട് സി.എച്ച്.സി നേരിട്ട് നടപ്പിലാക്കുകയാണ് ചെയ്തിരിക്കുന്നത്. ആയത് മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല.

B) സിഡ്കോ മാർക്കറ്റിങ്ങ് സെന്ററിന്റെ ഇൻവോയ്സ് നം.INV-MJRI/21-22/375, Dt.19.05.2021 പ്രകാരം 1,05,000/- രൂപ 3000 എണ്ണം ഗ്ലൂക്കോമീറ്റർ സ്ട്രിപ്പുകൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. ക്വട്ടേഷൻ വിളിക്കാതെയാണ് ഈ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ജി.ഒ(ആർ.ടി) നം.49/2019/SPD, തീ.14.11.2019 പ്രകാരം ഹോസ്പിറ്റൽ ഫർണ്ണീച്ചറുകൾ വാങ്ങുന്നതിനാണ് ടെണ്ടർ ഒഴിവാക്കി നൽകിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച ഉപകരണങ്ങൾ ക്വട്ടേഷൻ ഇല്ലാതെ വാങ്ങിയതിന്റെ കാരണം അറിയിച്ചിട്ടില്ല.

C)ആംബുലൻസിന്റെ (KL01 S0488) ടെസ്റ്റ് വർക്കിനായി ഭാരത് ഓട്ടോമൊബൈൽസ്, കോടത്തൂർ, പഴയന്നൂരിന്റെ

ഇൻവോയ്സ് നം.B2C85/19-20 തിയതി.22.03.21 പ്രകാരം 19,837/-രൂപ നൽകിയിട്ടുണ്ട്. PWD മെക്കാനിക്കൽ എഞ്ചിനീയറുടെ ആവശ്യകതാ സാക്ഷ്യപത്രം, സ്ഥാപനം സർക്കാർ അംഗീകൃത സ്ഥാപനമാണെന്നുള്ള സാക്ഷ്യപത്രം എന്നിവ ഇല്ല. കൂടാതെ ക്വട്ടേഷൻ മുഖാന്തിരമല്ലാതെയാണ് ടി അറ്റകുറ്റപ്പണികൾ നടത്തിയിരിക്കുന്നത്.

മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം. 1/12.04.2023-ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെ പ്രൊജക്ട് തയ്യാറാക്കി നടപ്പിലാക്കിയതിനും അപാകതകൾക്കും മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ട് (ജനറൽ) ഉപയോഗപ്പെടുത്തി പ്രോജക്ട് നമ്പർ 26/22, പാലിയേറ്റീവ് കെയർ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്

1) വൗച്ചർ നം. 22100385/18.06.21, തുക –1,11,437

പ്രൊഫോമ ഇൻവോയ്സ് നം. PRF-6116/10.03.2021 പ്രകാരം 1,11,437/- രൂപ മരുന്നിനായി KMSCL ന് നൽകിയിട്ടുണ്ട്. അതിൽ 1,10,518/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 919/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

2) വൗച്ചർ നം. 22100861/21.02.22, തുക –1,83,729

പ്രൊഫോമ ഇൻവോയ്സ് നം. PRF-5535/07.02.22 പ്രകാരം 1,83,729/- രൂപ മരുന്നിനായി KMSCL ന് നൽകിയിട്ടുണ്ട്. അതിൽ 1,77,410/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 6,319/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

3) വൗച്ചർ നം. 22100848/09.02.22, തുക –1,83,000

പ്രൊഫോമ ഇൻവോയ്സ് നം. PRF-5428/04.02.22 പ്രകാരം 1,83,000/- രൂപ മരുന്നിനായി KMSCL ന് നൽകിയിട്ടുണ്ട്. അതിൽ 1,78,672/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 4,328/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

4) വൗച്ചർ നം. 22100383/18.06.21, തുക –54,246

പ്രൊഫോമ ഇൻവോയ്സ് നം. PRF-6325/17.03.21 പ്രകാരം 54,246/- രൂപ മരുന്നിനായി KMSCL ന് നൽകിയിട്ടുണ്ട് .അതിൽ 36,844/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 17,402/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 1/12.04.2023.

## 1-13 വാഹനം വാടകയ്ക്ക് എടുക്കൽ - അപാകതകൾ

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 18/22 പ്രകാരം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ വണ്ടി വാടക എന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും താഴെ പറയുംപ്രകാരം 227000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| കരാറുകാരന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| മനോജ് എം ജെ | 1/28.6.2021 | 29000 |
| ഇബ്രാഹിംകുട്ടി എ | 2/5.8.2021 | 22000 |
| ഇബ്രാഹിംകുട്ടി എ | 3/17.9.2021 | 22000 |
| ഇബ്രാഹിംകുട്ടി എ | 6/21.9.2021 | 22000 |
| ഇബ്രാഹിംകുട്ടി എ | 7/6.11.2021 | 22000 |
| ഇബ്രാഹിംകുട്ടി എ | 8/4.12.2021 | 22000 |
| ഇബ്രാഹിംകുട്ടി എ | 9/10.1.2022 | 22000 |
| ഇബ്രാഹിംകുട്ടി എ | 10/11.2.2022 | 22000 |
| ഇബ്രാഹിംകുട്ടി എ | 11/8.3.2022 | 22000 |
| ഇബ്രാഹിംകുട്ടി എ | 12/31.3.2022 | 22000 |
| ആകെ | | 2,27,000 |

പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. എൻജിനീയർമാരുടെ ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതു സംബന്ധിച്ച സർക്കാർ ഉത്തരവ് (സാധാ)നം.690/18/തസ്വഭവ. തീയതി 14.03.2018 പ്രകാരം എൻജിനീയർമാർക്ക് വാഹനം ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമേ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് മേൽപറഞ്ഞ ഉത്തരവ് പ്രകാരം അനുമതിയുള്ളൂ.

2. മേൽപറഞ്ഞതിൽ 198000 രൂപ ഇബ്രാഹിംകുട്ടി എന്നയാൾക്ക് വണ്ടി വാടക ഇനത്തിൽ 2021-22 വർഷത്തിൽ നൽകിയതാണ്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം ഒരു വർഷത്തിൽ 1 ലക്ഷം രൂപയിൽ കൂടുതലുള്ള കരാറുകളിൽ നിന്നും മൊത്തം തുകയുടെ 1% ഇൻകം ടാക്സ് ടി ഡി എസ് ഇനത്തിൽ റിക്കവറി നടത്തി ഇൻകം ടാക്സ് വകുപ്പിൽ അടവാക്കേണ്ടതാണ്. പാൻ കാർഡ് വിവരങ്ങൾ ലഭ്യമല്ലാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 20% തുക ടി ഡി എസ് ആയി ഈടാക്കണമെന്നും ബന്ധപ്പെട്ട നിയമത്തിൽ പറയുന്നു. ശ്രീ ഇബ്രാഹിംകുട്ടി എന്നയാളിൽ നിന്നും ടി ഡി എസ് ഇനത്തിൽ തുകയൊന്നും ഈടാക്കിയതായി കാണുന്നില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 3/12.4.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത 81.572 ക്യൂബിക് മീറ്റർ മണ്ണ് റോഡരികിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട് എന്ന് എം.ബുക്ക് നമ്പർ 19/21-22 പേജ് നമ്പർ 5-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 128/22 |
| പ്രോജക്ടിന്റെ പേര് | പാഞ്ഞാൾ – കിള്ളിമംഗലം റോഡ് പുനരുദ്ധാരണം |
| കരാറുകാരൻ | ഷീജോമോൻ മാത്യു |
| മണ്ണിന്റെ അളവ് | 81.572 എം3 |
| എം ബുക്ക് നമ്പർ | 19/2021-22 |
| ചെലവ് തുക | 426039/- |
| വൗച്ചർ നമ്പർ/തീയതി | 22100634/7.2.2022 |

മുകളിൽ പറഞ്ഞ പ്രകാരം ലഭ്യമായ മണ്ണിന്റെ മൂല്യം കണക്കാക്കുകയോ ആയത് സെക്രട്ടറിയെ രേഖാമൂലം അറിയിക്കുകയോ ലേലം നടത്തുകയോ ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അപാകതക്ക് മറുപടി ലഭ്യമാക്കുവാനും മണ്ണിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് അറിയിക്കാനും ഓഡിറ്റ് അന്വേഷണം നമ്പർ 4/12.4.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മണ്ണിന്റെ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരലിന്റെ വില ഈടാക്കാതെയാണ് കരാറുകാർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | കരാറുകാരൻ | എംബി നമ്പർ | വൗച്ചർ/ട്രഷറി ബിൽ നമ്പർ/തീയതി | ചെലവ് തുക | ബിറ്റുമിൻ ഇനം(kg) | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക @281/- (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|
| 1 | 144/22 – കുറുമല ഊരത്ത്കുന്ന് റോഡ് റീടാറിങ്ങ് | ശങ്കുണ്ണി യു | 12/21-22 | 5/1.2.2022 | 559068 | RS1 – 245.113<br>VG30-2222.34<br>SS1 – 425.85 | 17.76 | 4990 |
| 2 | 139/22 – കോഴിമാംപറമ്പ് കോളനി റോഡ് പുനരുദ്ധാരണം | പി എം വീരാൻകുട്ടി | 32/21-22<br>5/21-22 | 13/23.3.2022<br>14/30.3.2022 | 540398 | RS1 – 222.491<br>VG30 – 2304.111 | 15.87 | 4459 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 137/22 – പാറക്കടവ് റോഡ് പുനരുദ്ധാരണം | എ എം യൂസഫ് | 26/21-22 28/21-22 | 22100662/23.2.2022 | 4334100 | SS1-499.04 RS1-170.77 VG30- 1326.14 | 11.84 | 3327 |
| 4 | 131/22 – ആയുർമഠപ്പറമ്പ് അംഗൻവാടി റോഡ് നവീകരണം | ഷിജോമോൻ മാത്യൂ | 20/21-22 | 9/28.2.2022 | 522006 | VG30 – 2126.18 RS1 – 203 | 14.13 | 3970 |
| 5 | 59/22 – വട്ടപ്പറമ്പ് കോളനി റോഡ് റീടാറിങ്ങ് | രതീഷ് ടി | 9/21-22 | 3/17.1.2022 | 591416 | VG30 – 4208.004 RS1 – 387.191 | 28.9 | 8121 |
| 6 | 54/22 – കുന്നംപള്ളി റോഡ് റീടാറിങ്ങ് | ഷമീർ കെ എം | 2/21-22 | 12/23.3.2022 14/23.3.2022 | 537600 | VG30 – 2388.16 RS1 – 223.02 | 15.85 | 4454 |
| 7 | 49/22 – തൊഴപ്പാടം കനാൽ റോഡ് റീടാറിങ്ങ് | അജ്മൽ പി എ | 42/21-22 | 19/30.3.2022 | 414119 85881 (തനത് ഫണ്ട്) | RS1-286.245 VG30 – 2922.55 | 19.47 | 5471 |
| 8 | 124/22 – കുളമ്പ്മുക്ക് ചക്കറ്റിക്കാട് റോഡ് പുനരുദ്ധാരണം | എ എം യൂസഫ് | 10/21-22 | 22100715/10.3.2022 | 427428 | VG30 – 1352.803 RS1 – 167.795 SS1 – 458.49 | 12.1 | 3400 |
| | ആകെ | | | | | | | 38192 |

അപാകതക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 5/12.4.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. കാലിബാരൽ വില ഇനത്തിൽ 38192 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതും ടി തുകയിൽ നിന്നും 6875 രൂപ ജി എസ് ടി ഇനത്തിൽ ബന്ധപ്പെട്ട സർക്കാർ വകുപ്പിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-16 ജലസേചന പ്രോജക്ട് പ്രവർത്തനക്ഷമമാക്കിയില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 153/22 പ്രകാരം നടപ്പാക്കിയ പഴയന്നൂർ പാടശേഖരത്തിന് ജലസേചനം ഒരുക്കൽ എന്ന പ്രവൃത്തിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 397590 രൂപ ചെലവഴിച്ചിട്ടുണ്ട്. കുഴൽ കിണർ കുഴിക്കൽ, പമ്പ് ഹൌസ് നിർമ്മിക്കൽ, പമ്പ് സെറ്റ് സ്ഥാപിക്കൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവയാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പമ്പ് സെറ്റ് സ്ഥാപിക്കൽ, ഇലക്ട്രിക്ക് കണക്ഷൻ എടുക്കൽ എന്നീ പ്രവൃത്തികൾ ഇനിയും നടപ്പാക്കിയിട്ടില്ല എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. ബാക്കിയുള്ള പ്രവൃത്തി നടപ്പാക്കുന്നതിനായി 2022-23 വർഷത്തിൽ സ്പിൽ ഓവർ/പുതിയ പ്രോജക്ട് രൂപീകരിച്ചിട്ടില്ല. ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 9/13.4.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ടി പ്രവൃത്തി പൂർത്തീകരിച്ച് പഴയന്നൂർ പാടശേഖരത്തിലെ കർഷകർക്ക് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഭിന്നശേഷി സ്കോളർഷിപ്പും ബത്തയും പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

I) പ്രോജക്ട് നമ്പർ :74/22 ഭിന്നശേഷി സ്കോളർഷിപ്പും ബത്തയും
ചെലവഴിച്ച തുക :₹9,13,710
വൗച്ചർ നം.22100879/17.03.22 തുക:₹1,13,710 ( വികസനഫണ്ട് -ജനറൽ)
വൗച്ചർ നം.22100741/18.03.22 തുക:₹8,00,000 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
പ്രോജക്ട് പ്രകാരം ഭിന്നശേഷി സ്കോളർഷിപ്പും ബത്തയും ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കാണിക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്ത് | കൈമാറിയ തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | വള്ളത്തോൾ നഗർ | 1,73,605 | ഗ്രാമപഞ്ചായത്തിന്റെ പ്രോജക്റ്റിന്റെ കോപ്പി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല |
| 2 | ചേലക്കര | 1,65,100 | ഗ്രാമപഞ്ചായത്തിന്റെ പ്രോജക്റ്റിന്റെ കോപ്പി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല |
| 3 | കൊണ്ടാഴി | 1,37,056 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 4 | പാഞ്ഞാൾ | 1,18,782 | ഗ്രാമപഞ്ചായത്തിന്റെ പ്രോജക്റ്റിന്റെ കോപ്പി ഇല്ല |

Ii) പ്രോജക്റ്റ് നമ്പർ :104/22 ഭിന്നശേഷി സ്കോളർഷിപ്പും ബത്തയും (സ്പിൽ ഓവർ)
ചെലവഴിച്ച തുക :₹7,00,000
വൗച്ചർ നം.22100429/16.09.21 തുക:₹2,60,000 ( വികസനഫണ്ട് -ജനറൽ)
വൗച്ചർ നം.22100430/16.09.21 തുക:₹1,40,000 ( വികസനഫണ്ട് -ജനറൽ)
വൗച്ചർ നം.22100431/16.09.21 തുക:₹3,00,000 ( വികസനഫണ്ട് -ജനറൽ)
പ്രോജക്റ്റ് പ്രകാരം ഭിന്നശേഷി സ്കോളർഷിപ്പും ബത്തയും ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കാണിക്കുന്നു

| ക്രമ നം | ഗ്രാമപഞ്ചായത്ത് | കൈമാറിയ തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | വള്ളത്തോൾ നഗർ | 4,00,000 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 2 | പഴയന്നൂർ | 3,00,000 | ഗ്രാമപഞ്ചായത്തിന്റെ പ്രോജക്റ്റിന്റെ കോപ്പി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.13/13.04.2023ന് മറുപടി നല്കിയിട്ടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രവും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-18 കുടിവെള്ള പദ്ധതി പൂർത്തീകരണം - അപാകതകൾ.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന വിവിധ ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലാ ഭൂജല വകുപ്പിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതികൾ ഓഡിറ്റ് വേളയിൽ പോലും പൂർത്തികരിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. താഴെ പറയുന്ന പൊതു നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. കുഴൽ കിണർ നിർമ്മാണം ആരംഭിക്കണമെങ്കിൽ പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയാണെങ്കിൽ ഈ സ്ഥലം പഞ്ചായത്തിന്റേതാണെന്നും അവിടെ കുഴൽ കിണർ നിർമ്മിക്കുന്നതിന് തടസ്സമില്ലെന്ന് കാണിക്കുന്ന സെക്രട്ടറിയുടെ കത്ത്.

2.സ്വകാര്യ വ്യക്തിയുടേതാണെങ്കിൽ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ ഒപ്പോടു കൂടി സ്ഥല ഉടമ ഭൂമി വിട്ടു നല്കിയിട്ടുള്ളതായുള്ള രേഖ.

3.മറ്റ് സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയാണെങ്കിൽ (പുറമ്പോക്ക്/ മിച്ചഭൂമി ഉൾപ്പെടെ) ഭൂജല വകുപ്പ് കുഴൽ കിണർ കുഴിക്കുന്നതിന് തടസ്സമില്ലാ എന്ന് കാണിക്കുന്ന ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി പത്രം.
എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മറ്റ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റിന്റെ പേര്, നമ്പർ | വൗച്ചർ നമ്പർ, തിയതി, തുക | പഞ്ചായത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|---|---|
| 1.കുളമ്പ് കുടിവെള്ള പദ്ധതി.S0085/22 | Vr.no.22100785. Dtd.30.3.22. 354000/ - | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | പൂർത്തീകരണ സാക്ഷ്യ പത്രം, യു.സി, യു.ടി.ആർ., മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 2.അലംകുന്ന് കുടി വെള്ള പദ്ധതി.S0086/22. | Vr.no.22100784. Dtd.25.3.22. 106000/ - | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | പൂർത്തീകരണ സാക്ഷ്യ പത്രം, യു.സി, യു.ടി.ആർ.,മോണിട്ടറിംഗ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3.കൈരളി കുടിവെള്ള പദ്ധതി.S0079/22 | Vr.no.22100787. Dtd.25.3.22. 117000/ - | ചേലക്കര ഗ്രാമപഞ്ചായത്ത് | പൂർത്തീകരണ സാക്ഷ്യ പത്രം, യു.സി, യു.ടി.ആർ., മോണിട്ടറിംഗ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല |
| 4.പാറക്കടവ് കുടിവെള്ള പദ്ധതി.S0087/22 | Vr.no.22100786. Dtd.25.3.22. 108000/ - | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | പൂർത്തീകരണ സാക്ഷ്യ പത്രം, യു.സി, യു.ടി.ആർ., മോണിട്ടറിംഗ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല |
| 5.പള്ളിക്കൽ സ്കൂൾ കുടിവെള്ള പദ്ധതി. S0091/22 | Vr.no.22100783. Dtd.25.3.22. 101000/ - | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് | പൂർത്തീകരണ സാക്ഷ്യ പത്രം, യു.സി, യു.ടി.ആർ., മോണിട്ടറിംഗ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല |
| 6.ആലമ്പുഴ ലക്ഷം വീട് കുടിവെള്ള പദ്ധതി.S00/135/22 | Vr.no.22100899. Dtd.24.2.22. 315531/ - | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | പൂർത്തീകരണ സാക്ഷ്യ പത്രം, യു.സി, മോണിട്ടറിംഗ് റിപ്പോർട്ട്, എന്നിവ ഹാജരാക്കിയിട്ടില്ല |
| 7.കിഴക്കേകുന്ന് കുടി വെള്ള പദ്ധതി. S00136/22. | Vr.no.22100936. Dtd.30.3.22. 315532/ - | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | പൂർത്തീകരണ സാക്ഷ്യ പത്രം, യു.സി, മോണിട്ടറിംഗ് റിപ്പോർട്ട്,എന്നിവ ഹാജരാക്കിയിട്ടില്ല |
| 8.E.M.S. ഫ്ലാറ്റ് കുടിവെള്ള പദ്ധതി.S0090/22 | Vr.no.22100782. Dtd.25.3.22. 107000/ - | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് | പൂർത്തീകരണ സാക്ഷ്യ പത്രം, യു.സി, മോണിട്ടറിംഗ് റിപ്പോർട്ട്,യു.ടി.ആർ എന്നിവ ഹാജരാക്കിയിട്ടില്ല |
| 9.ആശാരിക്കുന്ന് കുടിവെള്ള പദ്ധതി. S0083/22. | Vr.no.22100788. Dtd.25.3.22. 354000/ - | ചേലക്കര ഗ്രാമപഞ്ചായത്ത് | പൂർത്തീകരണ സാക്ഷ്യ പത്രം, യു.സി, മോണിട്ടറിംഗ് റിപ്പോർട്ട്,യു.ടി.ആർ എന്നിവ ഹാജരാക്കിയിട്ടില്ല |
| 10.കുന്നേരികാരയിൽ കുടിവെള്ള പദ്ധതി. Sop134/22. | Vr.no.22100900. Dtd.24.3.22. 315531/ - | കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | പൂർത്തീകരണ സാക്ഷ്യ പത്രം, യു.സി,മോണിട്ടറിംഗ് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട്, എന്നിവ ഹാജരാക്കിയിട്ടില്ല |

മുകളിൽ പറഞ്ഞിരിക്കുന്ന രേഖകളുടെ അഭാവത്തിൽ തൃപ്തികരമായ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുന്നതു വരെയോ ചെലവ് തുക 2193594/ - തടസ്സത്തിൽ വെയ്ക്കുന്നു.

1-19 ധന വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല.

പ്രോജക്ട് നം.s004/22., ഐ.കെ.എം വിഹിതം അനുവദിക്കൽ.

Vr.No.22100652. Dtd. 15.2.22. 317425/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഐ.കെ.എമ്മിന് വിഹിതം അനുവദിക്കൽ എന്ന പ്രോജക്ടിൽ കുടിശ്ശിക വിഹിതം ഉൾപ്പെടെ 317425/ - ഐ.കെ.എം. പ്രോജക്ട് ഡയറക്ടർക്ക് മേൽ വൗച്ചർ പ്രകാരം നല്കിയിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ ധനവിനിയോഗ സാക്ഷ്യ പത്രം

ഐ.കെ.എമ്മിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല.ധനവിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-20 CFLTC പോർട്ടബിൾ ടോയ് ലറ്റ് സമുച്ചയം സ്ഥാപിക്കൽ - പൂർത്തികരണ വിവരം, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

പ്രോജക്ട് നമ്പർ - S00102/22.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

എഗ്രിമെന്റ് നമ്പർ -7/2020 -21. Dtd.25.9.20.

അളവ് പുസ്തകം -3/2020 -21.

ബിൽ നം. D – FSCB -142/21 -22.dtd.30.3.22. 700000/ -

Vr.No.22100771.dtd. 31.3.22. 672000/ - (KSIE യ്ക്ക് നല്കിയത്)

ചെക്ക് നം. 235698.dtd. 30.3.22. 28000/ - (IT, GST, KCWWF എന്നിവ)

സ്പിൽ ഓവർ പ്രോജക്ടായ മേൽ പ്രോജക്ടിൽ 5 ടോയ്ലറ്റുകൾ അടങ്ങുന്ന 2 യൂണിറ്റ് ടോയ്ലറ്റ് സമുച്ചയം പണിയുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനെ ഏല്പിച്ചിട്ടുള്ളതാണ്. 2020 -21 വർഷത്തിൽ 20 ലക്ഷം രൂപ ചെലഴിച്ചിട്ടുള്ളതാണ്. ചേലക്കര സർക്കാർ പോളിടെക്നിക്ക് കോളേജിൽ 5 ടോയിലറ്റ് അടങ്ങുന്ന ഒരു യൂണിറ്റ് തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ രണ്ടാമത്തെ യൂണിറ്റ് സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ചേലക്കര പോളിടെക്നിക്കിൽ സ്ഥാപിച്ചിട്ടുള്ള ഒരു യൂണിറ്റ് അവിടെ നിന്നും മാറ്റി സ്ഥാപിക്കുവാൻ19.3.21 ന് നിർദ്ദേശം KSIEയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ തുടർ നടപടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മറ്റൊരു യൂണിറ്റ് എവിടെയാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ സർക്കാർ ഏജൻസിയായ KSIE എന്ന സ്ഥാപനം പൂർത്തീകരണ സാക്ഷ്യപത്രം നല്കിയിട്ടില്ല. മോണിട്ടറിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 27 ലക്ഷം ചെലവഴിച്ച് നിർമ്മിച്ച മേൽ പ്രോജക്ട് ജനങ്ങൾക്ക് ഉപയോഗപ്രദമാണോ, ആയതിന്റെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.11/13.4.23 നല്കിയതിന് ചേലക്കര പോളിടെക്നിക്കിൽ ഒരു യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടെന്നും, രണ്ടാമതൊരെണ്ണം ചേലക്കരയിലുള്ള സർക്കാർ ആയുർവേദ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട്. സർക്കാർ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ തുടർ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വിലയിരുത്തേണ്ടതാണ്. ഇപ്രകാരമുള്ള കാര്യങ്ങളിൽ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പം,ബത്തയും - അധിക ആനുകൂല്യം അനുവദിച്ചു

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നമ്പർ:116/22 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പം ബത്തയും എന്നതിൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചപ്പോൾ 13-ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതി (2018-19 മുതൽ 2021-22 വരെ) തയ്യാറാക്കൽ സബ്സിഡി മാർഗ്ഗരേഖ 14.02.2018-ലെസർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ ഖണ്ഡിക:7.2.5-ലെ നിർദ്ദേശത്തിന് വിരുദ്ധമായി അധികതുക അനുവദിച്ചിരിക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേരുവിവരം | പഠിക്കുന്ന ക്ലാസ്സ് | മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന തുക (₹) | അനുവദിച്ച തുക (₹) | അധിക തുക (₹) | വൌച്ചർ നം. |
|---|---|---|---|---|---|---|
| 1 | ശ്രുതിമോൾ.കെ.വി., D/o.വിജയകുമാർകാരേക്കാട്ടിൽ വീട്, തോന്നൂർക്കര (പി.ഓ) ചേലക്കര -680586 ബാങ്ക് അക്കൗണ്ട്: 855810110007514 ബാങ്ക് ഓഫ് ഇന്ത്യാ ചേലക്കര | 3-ാം വർഷ ബി.എ. ഹിസ്റ്ററി, ശ്രീ വ്യാസ എൻ.എസ്.എസ്. കോളേജ്, വ്യാസഗിരി, വടക്കാഞ്ചേരി | 20,000 | 30,000 | 10,000 | 22100583/ 10.12.21 |
| 2 | കീർത്തന.സി.എസ്. D/o.ഷാജി, പറക്കുന്നത്ത് വീട്, പുലാക്കോട്, ചേലക്കര -680 586. ബാങ്ക് അക്കൗണ്ട്: 40711101001510 കേരള ഗ്രാമീൺ ബാങ്ക്, പുലാക്കോട്, തൃശ്ശൂർ | FDGT 2-ാം വർഷം,ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ്, വടക്കാഞ്ചേരി | 15,000 | 1,50,000 | 1,35,000 (05.01.2022ന് KL020844690202122M പ്രകാരം ₹50,000 തിരിച്ചടച്ചു ബാക്കി ₹85,000) | 22100585/ 15.12.21 |
| നിലവിൽ ആകെ ആധികം അനുവദിച്ച തുക | | | | | 95,000 | |

തുക അധികമനുവദിച്ചതിന്റെ കാരണം അറിയിക്കുന്നതിനു, തുക തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരം പരിശോധനയ്ക്കായി ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ:8/13.04.23-ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. അധിക അനുവദിച്ച തുക ബന്ധപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്, അല്ലാത്ത പക്ഷം തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിതനിധിയിൽ തിരികെ ഒടുക്കേണ്ടതാണ്. മാർഗ്ഗേരേഖയ്ക്ക് വിരുദ്ധമായി അധികമനുവദിച്ച ₹95,000 ഓഡിറ്റിൽ നിരാകരിക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ:8/13.04.23)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല
ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്ത് നല്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക സംബന്ധിച്ച അപാകത 1-8-6 ഖണ്ഡികയിൽ വാർഷിക കണക്കിന്റെ അപാകതയായി ചേർത്തിട്ടുണ്ട്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,73,29,255 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,70,88,571 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 95,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,93,594 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 95,000 | ഹണിമോൾ.ജെ.<br>പട്ടികജാതി വികസന ഓഫീസർ |
| ആകെ | 95,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 21,93,594 | ഗണേഷ്.എ.<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ | 21,93,594 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഹണിമോൾ.ജെ. പട്ടികജാതി വികസന ഓഫീസർ | സർവ്വീസിൽ നിന്നും വിരമിച്ച | നെല്ലിക്കുന്നേൽ വീട്, കരിപ്പായി, സുന്ദരഗിരി റോഡ്, കളമശ്ശേരി, എറണാകുളം |
| ഗണേഷ്.എ. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ടി.സി.20/1069(1), വിനായകം, വലിയശാല, തിരുവനന്തപുരം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ | ഓഡിറ്റ് റിപ്പോർട്ട് | ഓഡിറ്റ് | തീർപ്പാക്കാൻ | തീർപ്പാക്കാൻ | റിമാർക്സ് (CAR/ |
|---|---|---|---|---|---|

| നം. | വർഷം | റിപ്പോർട്ട് നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ | CASE/CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 മുതൽ 2001-02 വരെ (ജനകീയാസൂത്രണം) | LFT 10-288/04 Dtd.18.09.04/ 03.11.04 | 8 | 22, 23, 24, 31, 32, 37, 38, 39 | 24 -CAR |
| 2 | 1998-99 | LFT 21-2391/07 Dtd.27.12.08/ 04.03.09 | 1 | 3-2 | CAR |
| 3 | 1999-2000 | LFT 21-2392/07 Dtd.27.12.08/ 04.03.09 | 1 | 3-1 | CAR |
| 4 | 2001-02 | LFT 21-2394/07 Dtd.27.12.08/ 07.04.09 | 1 | 3-4 | CAR |
| 5 | 2002-03 | LFT 21-2395/07 Dtd.27.12.08/ 07.04.09 | 1 | 3-5 | CAR |
| 6 | 2005-06 | LFT 2437/07 Dtd.27.12.08/ 15.04.09 | 4 | 3-1, 3-2, 3-3, 3-4 | |
| 7 | 2006-07 മുതൽ 2010-11 വരെ | LFT (BP) 1659/12 Dtd.15.12.12/ 27.03.13 | 16 | 3-1, 3-2, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10(a)(b)(d)(e)(f)(g)(h)(i)(j), 3-11, 3-16, 3-17, 3-21, 3-22, 3-23, 3-27 | |
| 8 | 2011-12 | LFT (BP) 2138/13 Dtd.07.02.14/ 14.03.14 | 7 | 3-4, 3-5, 3-12, 3-16, 3-17, 3-18, 3-21 | |
| 9 | 2012-13 | LFT (BP) 1552/14 Dtd.12.01.15/ 06.05.15 | 4 | 2-3, 3-1, 3-4, 3-5(ii) | |
| 10 | 2013-14 | KSATSR (BP) 1180/15 Dtd.12.10.15/ 21.10.15 | 5 | 2-4, 3-9(1), 3-9(2), 3-9(3), 3-12 | |

| | | | | | |
|---|---|---|---|---|---|
| 11 | 2014-15 & 2015-16 | KSATSR (BP1) 380/17 Dtd.24.03.17 | 7 | 1-3, 3-8, 3-10, 3-11, 3-18, 3-21, 3-22 | |
| 12 | 2016-17 | KSATSR (BP1) 1752/17 Dtd.11.12.17/ 03.01.18 | 16 | 1-3, 3-2, 3-3, 3-4(2), 3-4(3), 3-4(4), 3-4(5), 3-5, 3-6, 3-9, 3-10, 3-12, 3-13, 3-14, 3-16, 3-21 | |
| 13 | 2017-18 | KSATSR (BP1) 124/19 Dtd.12.03.19/ 05.04.19 | 12 | 1-10, 2-1, 3-1, 3-2, 3-3, 3-7, 3-9, 3-10(1), 3-12(2), 3-12(3), 3-13, 3-15 | |
| 14 | 2018-19 | KSATSR (BP1) 59/20 Dtd.23.04.20 | 17 | 1-10 മുതൽ 1-26 വരെ | |
| 15 | 2019-20 | KSATSR (P12) 630/22 Dtd.15.07.22 | 21 | 1-9 മുതൽ 1-28 വരെ, 3-1 | |
| 16 | 2020-21 | KSATSR (P12) 631/22 Dtd.03.07.22 | 35 | 1-9 മുതൽ 1-41വരെ, 3-1,3-2 | |
| | ആകെ | | 156 | | |

ജോയിന്റ് ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പഴയന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പഴയന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്